# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 145 08/06/2015-ൽ മറുപടിയ്ക്ക്**

## മത്സ്യസമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എ. പ്രദീപ്കുമാർ:** | **ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) മത്സ്യസമൃദ്ധിപദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ഓരോ ജില്ലയിലും നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) മത്സ്യസമൃദ്ധിപദ്ധതി പ്രകാരം 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ ജില്ലകളിൽ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന പദ്ധതി ഘടകങ്ങൾ ചുവടെ ചേർക്കുന്നു.<br>• കുളത്തിലേയും ഇതര ജലസംഭരണികളിലെയും ശുദ്ധജല മത്സ്യകൃഷി.<br>• പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ച് കൃഷി, സംയോജിത മത്സ്യകൃഷി.<br>• പൊക്കാളി/കൈപ്പാട് നിലങ്ങളിലേയും സ്വകാര്യ കുളങ്ങളിലേയും ചെമ്മീൻകൃഷി.<br>• കരിമീൻ വിത്തുപരിപാലന വില്പന യൂണിറ്റുകൾ (പി.എസ്.ആർ.യു).<br>• കുളങ്ങളിലെ കരിമീൻ കൃഷി<br>• കൂടുകളിലെ കരിമീൻകൃഷി<br>• അടുക്കള കുളത്തിലെ കരിമീൻകൃഷി<br>• ഞണ്ട് കൊഴിപ്പിക്കൽ/കൃഷി<br>• കല്ലുമ്മേക്കായ കൃഷി<br>• പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.<br>• മത്സ്യകൃഷി പരിശീലന/ബോധവത്കര പരിപാടികൾ.<br>• സൗജന്യവിള ഇൻഷ്വറൻസ്<br>• മികച്ച മത്സ്യകർഷകർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുന്ന അവാർഡ്<br>• മത്സ്യകൃഷിക്കാവശ്യമായ അടിസ്ഥാന സൗകര്യ വികസനം.<br>• മത്സ്യതീറ്റ സബ്സിഡി വിതരണം.<br><br>മേൽവിവരിച്ച പദ്ധതി ഘടകങ്ങൾ ജില്ലകളിൽ പൂർണ്ണമായും നടപ്പിലാക്കി. |

(ബി) 2014-15 വർഷത്തിൽ പ്രസ്തുത പദ്ധതികൾക്കായി ഓരോ ജില്ലയിലും നീക്കിവെച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിൽ എത്ര തുക വീതം ഓരോ ജില്ലയിലും ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ മത്സ്യസമൃദ്ധി പദ്ധതിയ്ക്കുവേണ്ടി ഓരോ ജില്ലയിലും നീക്കിവെച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 55 | 55 |
| 2 | കൊല്ലം | 92 | 92 |
| 3 | പത്തനംതിട്ട | 44 | 44 |
| 4 | ആലപ്പുഴ | 385 | 385 |
| 5 | കോട്ടയം | 70 | 70 |
| 6 | ഇടുക്കി | 40.6 | 40.6 |
| 7 | എറണാകുളം | 80 | 80 |
| 8 | തൃശ്ശൂർ | 156 | 156 |
| 9 | പാലക്കാട് | 108 | 108 |
| 10 | മലപ്പുറം | 85 | 85 |
| 11 | കോഴിക്കോട് | 40 | 40 |
| 12 | കണ്ണൂർ | 66.5 | 66.5 |
| 13 | വയനാട് | 25 | 25 |
| 14 | കാസർഗോഡ് | 20 | 20 |
| | ആകെ | 1267.1 | 1267.1 |

മുൻ ബാക്കിയുൾപ്പെടെ 454.05 ലക്ഷം രൂപയും കൂടി സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2014-15 വർഷത്തിൽ ചെലവഴിച്ചു.

(സി) ഇങ്ങനെ പ്രഖ്യാപിച്ചിരുന്ന പദ്ധതികളിൽ ഓരോ ജില്ലയിലും പൂർണ്ണമായും നടപ്പാക്കാതെ അവശേഷിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(സി) എറണാകുളം ജില്ലയിൽ പൊക്കാളി പാടങ്ങളിൽ നെൽകൃഷി ചെയ്ത കർഷകർ മാത്രമേ ചെമ്മീൻ കൃഷി ചെയ്യാൻ പാടുള്ളുവെന്ന് ജില്ലാ കളക്ടർ ഉത്തരവ് നൽകിയതിനാൽ ആകെ ടാർജറ്റ് ചെയ്തിരുന്ന 1182 ഹെക്ടർ ചെമ്മീൻ കൃഷിയിൽ 207.979 ഹെക്ടർ മാത്രമേ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളൂ.

സെക്ഷൻ ആഫീസർ